ഹെൽപ്പ് ഡെസ്കുകളിലൂടെ കേരളത്തിലെ ഏത് പോലീസ് സ്റ്റേഷനിലേക്കുമുള്ള പരാതികൾ മറ്റൊരു സ്റ്റേഷനിൽ നിന്ന് അയയ്ക്കാവുന്നതാണ്. വനിതാ ഹെൽപ്പ് ഡെസ്കുകളുടെ പ്രവർത്തനത്തിന് ആവശ്യമായ സൗകര്യങ്ങൾ നൽകുവാൻ ജില്ലാ പോലീസ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

പുതിയ കോസ്റ്റ് ഗാർഡ് കേന്ദ്രങ്ങൾ

165 (7728) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം കോസ്റ്റ്ഗാർഡ് കേന്ദ്രങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മലപ്പുറം ജില്ലയിൽ എവിടെയെല്ലാം കോസ്റ്റ് ഗാർഡ് കേന്ദ്രങ്ങളുണ്ടെന്ന് വിശദമാക്കുമോ ;

(സി) പുതിയ കോസ്റ്റ്ഗാർഡ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും ; അത് എവിടെ നിന്നാണെന്നും വ്യക്തമാക്കുമോ ;

(ഡി) ലഭ്യമായ അപേക്ഷകളിൽ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നാലു സ്ഥലങ്ങളിൽ കോസ്റ്റ് ഗാർഡ് കേന്ദ്രങ്ങളുണ്ട്.

1. കോസ്റ്റ് ഗാർഡ് ജില്ലാ ആസ്ഥാനം നം.4,. ഫോർട്ട് കൊച്ചി.
2. കോസ്റ്റ് ഗാർഡ് എയർ എൻക്ളേവ്, കൊച്ചി.
3. ഇൻഡ്യൻ കോസ്റ്റ് ഗാർഡ് സ്റ്റേഷൻ, വിഴിഞ്ഞം, തിരുവനന്തപുരം.
4. ഇൻഡ്യൻ കോസ്റ്റ് ഗാർഡ് സ്റ്റേഷൻ, ബേപ്പൂർ, കോഴിക്കോട്.

(ബി) മലപ്പുറം ജില്ലയിൽ കോസ്റ്റ് ഗാർഡ് കേന്ദ്രം നിലവിലില്ല.

(സി) ആലപ്പുഴയിൽ കോസ്റ്റ് ഗാർഡ് കേന്ദ്രം സ്ഥാപിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത അപേക്ഷ മുംബൈയിലുള്ള കോസ്റ്റ് ഗാർഡ് റീജിയണൽ ആസ്ഥാനത്ത് അയച്ചു കൊടുത്തുവെങ്കിലും കൊച്ചി കോസ്റ്റ് ഗാർഡ് സ്റ്റേഷന്റെ വളരെ അടുത്തായതുകൊണ്ടും ആവശ്യമായ സൗകര്യങ്ങൾ കൊച്ചിയിൽ നിന്നും ലഭ്യമായതുകൊണ്ടും അപേക്ഷ മാറ്റി വച്ചതായി അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly